**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **06-10-2025 - ൽ മറുപടിയ്ക്ക്**

**മണിയാർ ജലവൈദ്യുത പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ രമേശ് ചെന്നിത്തല</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പത്തനംതിട്ട ജില്ലയിലെ മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ കാലാവധി അവസാനിച്ച ശേഷവും കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി, പ്രസ്തുത പദ്ധതി കെ. എസ്. ഇ. ബി. -ക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാമോ;</td><td>(എ)</td><td>മണിയാർ പദ്ധതിയുടെ ബൂട്ട് കാലാവധി ദീർഘിപ്പിക്കണമെന്ന കമ്പനിയുടെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>കരാർകാലാവധിക്ക് ശേഷം മണിയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്നും പ്രസ്തുത കമ്പനി നടത്തിയ വൈദ്യുതി ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>കരാർ കാലാവധിയ്ക്കു ശേഷം ഉൽപാദിപ്പിച്ച വൈദ്യുതി കെ.എസ്.ഇ.ബി.എൽ Grid-ൽ ആണ് നൽകിയത്. ഉല്പാദനത്തിന്റെ വിവരങ്ങൾ താഴെ പറയുന്നു.<br><br>Maniyar Generation<br>
<table>
<tr><th><u>Month</u></th><th><u>MU</u></th></tr>
<tr><td>Jan-25</td><td>0.57</td></tr>
<tr><td>Feb-25</td><td>0.77</td></tr>
<tr><td>Mar-25</td><td>0.4</td></tr>
<tr><td>Apr-25</td><td>0.996</td></tr>
<tr><td>May-25</td><td>0</td></tr>
<tr><td>Jun-25</td><td>0</td></tr>
<tr><td>Jul-25</td><td>0</td></tr>
<tr><td>Aug-25</td><td>0</td></tr>
<tr><td>Sep-25</td><td>0</td></tr>
</table>
</td></tr>
<tr><td>(സി)</td><td>കരാർ കാലാവധിക്ക് ശേഷവും പ്രസ്തുത കമ്പനി പ്രസ്തുത പ്രോജക്റ്റിന്റെ നടത്തിപ്പുമായി മുന്നോട്ട് പോകുന്നുവെന്നത് തികച്ചും നിയമവിരുദ്ധമാണെന്നിരിക്കേ ഇക്കാര്യത്തിൽ എന്ത് നിയമനടപടിയാണ് കെ. എസ്. ഇ. ബി. സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;</td><td>(സി)</td><td>മണിയാർ പദ്ധതി കെ.എസ്.ഇ.ബി.എൽ-ന് 01-01-2025 മുതൽ കൈമാറണം എന്ന് കാണിച്ച് കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിനു 12.11.2024-ന് ബോർഡ് കത്ത് നൽകിയിട്ടുണ്ട്. വിഷയത്തിന്മേൽ ബോർഡിന്റെ അഭിപ്രായം ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ പരിശോധിച്ചു വരികയാണ്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | മണിയാർ ജലവൈദ്യുത പദ്ധതി അടിയന്തരമായി കെ. എസ്. ഇ. ബി. -ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മണിയാർ പദ്ധതിയുടെ ബൂട്ട് കാലാവധി ദീർഘിപ്പിക്കണമെന്ന കമ്പനിയുടെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ